## സഹപീഡിയ – യുനെസ്കോ പ്രോജക്റ്റ് ഫെല്ലോഷിപ്പ് – 2019

## അനുബന്ധം IV

### സമര്പ്പിക്കേണ്ട ഘടകങ്ങളുടെ വിവരങ്ങള്

ഗവേഷണം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

നിലനില്ക്കുന്നതോ പുതിയതോ ആയ വിഷയങ്ങള്, ഗ്രന്ഥങ്ങള് എന്നിവയെ ആധാരമാക്കി, പുതിയ വിവരങ്ങള് കണ്ടെത്താനും വ്യത്യസ്തമായ നിഗമനങ്ങളിലും അറിവുകളിലും എത്താനും ലക്ഷ്യമിട്ട് നടത്തുന്ന വിശദവും ചിട്ടയുള്ളതുമായ അന്വേഷണം. പ്രാഥമികവും അല്ലാത്തതുമായ പുസ്തകങ്ങള്/ലേഖനങ്ങള് എന്നിവ ഉപയോഗിക്കാം. ലഭ്യമായ സാധ്യതകളില് നിന്ന് ഗ്രന്ഥ/ലിഖിത രൂപങ്ങള് കേന്ദ്രീകരിച്ചുള്ള പഠനമായിരിക്കും ഈ രീതി തിരഞ്ഞെടുക്കുന്ന അപേക്ഷകര് സ്വീകരിക്കേണ്ടി വരിക.

ഡോക്യുമെന്റെഷന് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

നിലനില്ക്കുന്നതോ പുതിയതോ ആയ വിഷയങ്ങള് സംബന്ധിച്ച് ദൃശ്യ പ്രധാനമായി വിശദപഠനം നടത്തി സൃഷ്ടിക്കുന്ന, ഹ്രസ്വ ഡോക്യുമെന്ററിയും ചിത്രങ്ങളും അടങ്ങുന്നതായിരിക്കും ഈ രീതിയുടെ ലക്ഷ്യം. ദൃശ്യ-സ്വഭാവമുള്ള ഘടകങ്ങള് ആയിരിക്കണം ഈ രീതി തിരഞ്ഞെടുക്കുന്നവര് സമര്പ്പിക്കേണ്ടത്.

സയോജിതരീതി എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

ഈ രീതി തിരഞ്ഞെടുക്കുന്നവര് മേല്പ്പറഞ്ഞ രണ്ടു രീതികളും സമന്വയിപ്പിച്ച് ലിഖിത രൂപങ്ങളും ദൃശ്യ രൂപങ്ങളും ഇടകലരുന്ന, യുക്തിഭദ്രമായ ഒരു മോഡ്യൂള് ആയിരിക്കും സമര്പ്പിക്കേണ്ടത്.

എഴുത്തിനുള്ള മാര്ഗ നിര്ദേശങ്ങള്

ലേഖനങ്ങള് വിഷയ-വിദഗ്ദ്ധര് അല്ലാത്ത പൊതു വായനക്കാരെ ലക്ഷ്യം വെക്കുന്നവയായിരിക്കണം. അവര്ക്ക് പ്രാപ്യവും വ്യക്തവുമായ എഴുത്തുരീതി ആയിരിക്കണം. ദുര്ഗ്രഹമായ പ്രയോഗങ്ങള് ഒഴിവാക്കുകയും അവ്യക്തമായ സൂചികകള് വിശദീകരിക്കുകയും വേണം. ലളിതവും സ്പഷ്ടവുമായ ഭാഷയും വാക്യഘടനയും ഉള്ള യുക്തിഭദ്രമായ ആഖ്യാനം ആയിരിക്കണം. നീണ്ടുവളഞ്ഞ വാചകങ്ങള് ഒഴിവാക്കി, ലളിതമായ വാക്കുകള് പരമാവധി ഉപയോഗിക്കണം. എല്ലാ ലേഖനങ്ങളും വീഡിയോകളും കൃത്യമായി റഫറന്സുകള് അഥവാ വിശദീകരണങ്ങള് ചേര്ത്തവയായിരിക്കണം. അടിസ്ഥാന സഹായക രേഖകളെ സൂചിപ്പിക്കുന്ന ഗ്രന്ഥസൂചി ഓരോ ഘടകത്തിനും ഒപ്പം ചേര്ത്തിരിക്കണം.

എല്ലാ ഘടകങ്ങളും മലയാളം യൂണികോഡ് ഫോണ്ടിൽ വേണം സമർപ്പിക്കേണ്ടത്

മാതൃകകള്ക്കായി താഴെ കൊടുത്തിരിക്കുന്ന സഹപീഡിയ വെബ്സൈറ്റ് ലിങ്കുകള് സന്ദര്ശിക്കാവുന്നതാണ്.

- **Basgo: Remains of a Royal Precinct**
- **Door Frame Designs of Nagara Temples**

ഘടകം **I: (**ഏതെങ്കിലും ഒന്ന് തെരഞ്ഞെടുക്കുക)

1. ആമുഖ ലേഖനം/സചിത്ര ലേഖനം: 3000 വാക്കുകളും 5-10 വരെ ചിത്രങ്ങളും അടങ്ങിയ പൊതു ലേഖനം വിഷയം സംബന്ധിച്ച ആമുഖം ആയിരിക്കണം. വിഷയത്തിലെ പ്രാധാന കാര്യങ്ങള്, വിവിധ മാനങ്ങള് എന്നിവ സൂചിപ്പിക്കുകയും വിഷയത്തില് ഇതേവരെ നടന്നിട്ടുള്ള പഠനങ്ങള് സംഗ്രഹിക്കുകയും ആണ് ഇതില് ചെയ്യേണ്ടത്. ഇതിലൂടെ വിഷയത്തിന്റെ കൂടുതല് സാധ്യതകള് വ്യക്തമാക്കാന് സാധിക്കണം. ദൃശ്യ സാധ്യത തീരെ ഇല്ലാത്ത വിഷയങ്ങളില് ഒഴിച്ച് മറ്റെല്ലാ വിഷയങ്ങളിലും ഈ ലേഖനത്തില് 5-10 വരെ ചിത്രങ്ങളും ഉള്പ്പെടുത്തണം.

അല്ലെങ്കില് തെരഞ്ഞെടുക്കപ്പെടുന്ന ഫെല്ലോ തന്നെ ഈ ലേഖനം എഴുതുന്നതാണ് അഭികാമ്യം. ചില അവസരങ്ങളില് മറ്റൊരു വിദഗ്ദ്ധനെക്കൊണ്ട് എഴുതിപ്പിക്കുകയും ആവാം.

മാതൃകകള്ക്കായി താഴെ കൊടുത്തിരിക്കുന്ന സഹപീഡിയ വെബ്സൈറ്റ് ലിങ്കുകള് സന്ദര്ശിക്കാവുന്നതാണ്.

- **Manuscript Painting of Assam: Historical and Contemporary Perspectives (Fellowship 2017)**
- **Reimagining Rajasthan: An institutional history of Rupayan Sansthan, Jodhpur**
- **The Vegetation of the Thar Desert: Geography, History, Culture and Conservation (Fellowship 2017)**

2. **ഹ്രസ്വ ഡോക്യുമെന്ററി ചിത്രം**: 15-20 മിനിറ്റ് വരെ ദൈര്ഘ്യം വേണം. മേല്പ്പറഞ്ഞ ആമുഖ ലേഖനത്തിനു തത്തുല്യമായ രീതിയില് വിഷയം അവതരിപ്പിക്കാന് ഇതിനു കഴിയണം.ആശയ വ്യക്തതയുള്ള ആഖ്യാനരീതി അവലംബിച്ചിരിക്കണം. ഇംഗ്ലീഷ് സബ്ടൈറ്റില് നിര്ബന്ധമായും ചേര്ത്തിരിക്കണം. ഇതോടൊപ്പം 500 വാക്കില് കുറയാത്ത സംഗ്രഹം കൂടി ഉണ്ടായിരിക്കണം.

ഡോക്യുമെന്ററിയുടെ നിര്മാണവും പ്രയോഗവും ഫെല്ലോ തന്നെ ചിന്തിച്ചു നേതൃത്വം നല്കി നിര്വഹിക്കുന്നത് അഭികാമ്യം. ക്യാമറ ഉപയോഗിക്കാനായി ഒരു പ്രോഫഷണലിന്റെ സഹായം തേടാവുന്നതാണ്.

മാതൃകകള്ക്കായി താഴെ കൊടുത്തിരിക്കുന്ന സഹപീഡിയ വെബ്സൈറ്റ് ലിങ്കുകള് സന്ദര്ശിക്കാവുന്നതാണ്.

- **Majnu ka Tilla (Fellowship 2017)**
- **Saharay: An Unexplored Heritage of the Santhal Community (Fellowship 2017)**
- **Hyderabadi Tryst with Ittar (Fellowship 2017)**

ഏതാനും ഡോക്യുമെന്ററി പദ്ധതികള്ക്ക് സഹപീഡിയയില് നിന്നും നേരിട്ട് സംവിധാന-എഡിറ്റിംഗ് സഹായം നല്കാന് സാധിക്കും.

**ഘടകം II:** (ഏതെങ്കിലും രണ്ടെണ്ണം തെരഞ്ഞെടുക്കുക)

**സചിത്ര അനുബന്ധ ലേഖനം:** 1500 വാക്കുകളും 3-5 ചിത്രങ്ങളും അടങ്ങുന്ന ഈ ലേഖനം വിഷയത്തിന്റെ വ്യത്യസ്ത തലങ്ങളെക്കുറിച്ച് ആയിരിക്കണം. ഈ ലേഖനവും ഫെല്ലോ തന്നെ എഴുതുകയോ അതിനായി ആരെയെങ്കിലും നിയോഗിക്കുകയോ ആവാം.

മാതൃകകള്ക്കായി താഴെ കൊടുത്തിരിക്കുന്ന സഹപീഡിയ വെബ്സൈറ്റ് ലിങ്കുകള് സന്ദര്ശിക്കാവുന്നതാണ്.

- **A Medley of Faiths: Towards a Composite Religious Culture in Early Medieval Rarh (Fellowship 2017)**
- **Kapdagondas: Embroidery and Work for Dongariya Kondh Women (Fellowship 2017)**

**ചിത്രലേഖനം (Photoessay):** 20 ചിത്രങ്ങളും അടിക്കുറിപ്പുകളും കൂടാതെ 500-800 വാക്കില് ആ ചിത്രങ്ങളെ കുറിച്ചുള്ള ഹ്രസ്വലേഖനവും.

വിഷയത്തെ ദൃശ്യഭാഷയില് കുറിക്കുന്നതായിരിക്കണം ഇത്. ഒരാമുഖവും ചിത്രങ്ങളെ കുറിക്കുന്ന വിശദമായ അടിക്കുറിപ്പുകളും ഉണ്ടാകണം. ഫെല്ലോയ്ക്ക് എഴുത്തും ച്ഛായാഗ്രാഹണവും സ്വയം ചെയ്യാവുന്നതാണ്. അല്ലെങ്കില് ഇത് രണ്ടുമോ ഏതെങ്കിലും ഒന്നോ ചെയ്യാന് മറ്റൊരാളെ നിയോഗിക്കാവുന്നതാണ്.
ചിത്രങ്ങളുടെ  നീളം കൂടിയ വശത്ത് 1500 px എങ്കിലും ഉണ്ടായിരിക്കണം. 2MB യില് കുറയാത്ത ചിത്രങ്ങള് ആണ് സമര്പ്പിക്കേണ്ടത്.
മാതൃകകള്ക്കായി താഴെ കൊടുത്തിരിക്കുന്ന സഹപീഡിയ വെബ്സൈറ്റ് ലിങ്കുകള് സന്ദര്ശിക്കാവുന്നതാണ്.

- **Badla Embroiderers of Lucknow**
- **Life in the Lolab Valley**
- **Gomira - Mask Dance of North Bengal**

**ചിത്രശേഖരം:** 30-50 ചിത്രങ്ങളും അവയുടെ അടിക്കുറിപ്പുകളും അടങ്ങുന്ന ശേഖരം, വിഷയം വ്യക്തമായി ചിത്രങ്ങളിലൂടി പ്രതിപാദിക്കണം. 200-300 വാക്കുകളില് ഒരു ആമുഖവും എല്ലാ ചിത്രങ്ങളുടെയും അടിക്കുറിപ്പുകളും നിര്ബന്ധമാണ്. ഫെല്ലോയ്ക്ക് എഴുത്തും ഛായാഗ്രാഹണവും സ്വയം ചെയ്യാവുന്നതാണ്. അല്ലെങ്കില് ഇത് രണ്ടുമോ ഏതെങ്കിലും ഒന്നോ ചെയ്യാന് മറ്റൊരാളെ നിയോഗിക്കാവുന്നതാണ്.
മാതൃകകള്ക്കായി താഴെ കൊടുത്തിരിക്കുന്ന സഹപീഡിയ വെബ്സൈറ്റ് ലിങ്കുകള് സന്ദര്ശിക്കാവുന്നതാണ്.

- **Images of Champaner-Pavagarh II**
- **Flora and Fauna of Sundarbans**
- **Mud Murals of Singhbhum Pushkar: A Changing World**

**ലിഖിത അഭിമുഖം:** വിഷയവിദഗ്ദ്ധര്, പണ്ഡിതര്, പ്രയോക്താക്കള് എന്നിങ്ങനെ ആരെങ്കിലും ആയുള്ള ലിഖിത അഭിമുഖ സംഭാഷണം. കുറഞ്ഞത് 10 ചോദ്യങ്ങള് ഉണ്ടായിരിക്കണം. 1500 വാക്കുകളില് കുറയാത്ത സംഭാഷണത്തില് വിദഗ്ദ്ധരുടെ പ്രസ്തുത മേഖലയിലെ അനുഭവങ്ങളും വീക്ഷണങ്ങളും അടങ്ങിയിരിക്കണം. പ്രസ്തുത മേഖലയെ കുറിച്ചുള്ള ഗവേഷണ ശേഷം, കൃത്യമായ ഊന്നല് നല്കിക്കൊണ്ടുള്ള ചോദ്യങ്ങള് ആയിരിക്കണം തയ്യാറാക്കേണ്ടത് . അഭിമുഖ സംഭാഷണം പൂര്ണമായും ഫെല്ലോ തന്നെ നിര്വഹിക്കേണ്ടതാണ്.

മാതൃകകള്ക്കായി താഴെ കൊടുത്തിരിക്കുന്ന സഹപീഡിയ വെബ്സൈറ്റ് ലിങ്കുകള് സന്ദര്ശിക്കാവുന്നതാണ്.

- **Interview with Dr H.S. Shivaprakash on Vachanas, Akkamahadevi and translations (Indian Art Criticism: Its Past and Present)**
- **Interview with Prof. Ebba Koch about the Taj Mahal and Mughal Architecture (In Conversation: Ebba Koch)**